പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1062 01/07/2015 - ൽ മറുപടിയ്ക്ക്

## പൊതു വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണത്തിൽ കുറവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) |

(എ) 2011 മുതൽ 2015 വരെയുള്ള വിദ്യാഭ്യാസ വർഷങ്ങളിൽ ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(എ) 2011 മുതൽ 2015 വരെയുള്ള വിദ്യാഭ്യാസ വർഷങ്ങളിൽ ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം പട്ടികയായി ചുവടെ ചേർക്കുന്നു.

| വർഷം | എണ്ണം |
|---|---|
| 2011 - 12 | 323372 |
| 2012 -13 | 300098 |
| 2013 -14 | 290697 |
| 2014 -15 (പ്രൊവിഷണൽ) | 296096 |

(ബി) മേൽ സൂചിപ്പിച്ച വർഷങ്ങളിൽ അൺ എയ്ഡഡ് മേഖലയിലെ വിദ്യാലയങ്ങളിൽ ഒന്നാം ക്ലാസിൽ എത്ര വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടുണ്ട് ; വ്യക്തമാക്കുമോ;

(ബി) ഒന്നാം ക്ലാസ്സിൽ അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു

| വർഷം | എണ്ണം |
|---|---|
| 2011 - 12 | 43158 |
| 2012 -13 | 42569 |
| 2013 -14 | 41255 |
| 2014 -15 | 41453 |

(സി) പൊതു വിദ്യാലയങ്ങളിൽ കുട്ടികൾ കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

(സി) പൊതു വിദ്യാലയങ്ങളിൽ കുട്ടികൾ കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല. പൊതുവിദ്യാലയങ്ങളെ ശക്തിപ്പെടുത്തുന്നതിനും മികവുറ്റതാക്കുന്നതിനുമായി പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തിവരുന്ന പദ്ധതികളോടൊപ്പം ഫോക്കസ് 2015 എന്ന പേരിൽ എസ്.എസ്.എ യു യുടെ നേതൃത്വത്തിൽ ഇതിനായി പ്രത്യേക പരിപാടിയും നടപ്പിലാക്കുന്നുണ്ട്.

Sreedevi

സെക്ഷൻ ഓഫീസർ